**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1301** 31/10/2019 ലെ മറുപടി

**പൊതുവിദ്യാലയങ്ങളിൽ പുതുതായി അഡ്മിഷൻ തേടിയ കുട്ടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു. ആർ. പ്രദീപ്: | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) 2019-20 അദ്ധ്യയനവർഷം സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പുതുതായി അഡ്മിഷൻ തേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) 2019-20 അദ്ധ്യയന വർഷം പുതുതായി ചേർന്ന കുട്ടികളുടെ എണ്ണം റവന്യൂ ജില്ല തിരിച്ച് താഴെ ചേർത്തിരിക്കുന്നു. |

| ക്രമ നം. | ജില്ല | ആകെ |
|---|---|---|
| 1 | തിരുവനന്തപുരം | 15,172 |
| 2 | കൊല്ലം | 15,815 |
| 3 | പത്തനംതിട്ട | 4,621 |
| 4 | ആലപ്പുഴ | 11,402 |
| 5 | കോട്ടയം | 6,811 |
| 6 | ഇടുക്കി | 3,971 |
| 7 | എറണാകുളം | 14,108 |
| 8 | തൃശ്ശൂർ | 12,026 |
| 9 | പാലക്കാട് | 15,721 |
| 10 | മലപ്പുറം | 24,141 |
| 11 | കോഴിക്കോട് | 15,705 |
| 12 | വയനാട് | 2,962 |
| 13 | കണ്ണൂർ | 13,814 |
| 14 | കാസറഗോഡ് | 7,289 |
| **ആകെ** | | **1,63,558** |

| | |
|---|---|
| (ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ മികച്ച കെട്ടിട സൗകര്യങ്ങളും, അക്കാദമിക്, ഐ.റ്റി. പഠന സൗകര്യങ്ങളും ലഭ്യമാക്കി മെച്ചപ്പെട്ട പഠന സൗകര്യം ലഭ്യമായതാണ് | (ബി) ഉണ്ട്. |

കുട്ടികൾ വലിയ തോതിൽ പൊതുവിദ്യാലയങ്ങളിൽ എത്താൻ കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കുട്ടികൾ കൂടുന്നത് എന്ന് പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി മുഖേന അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിച്ചതും അക്കാദമിക് നിലവാരം ഉയർന്നതും ക്ലാസ്സ് മുറികൾ ഹൈടെക് ആക്കിയതും കുട്ടികളെയും രക്ഷിതാക്കളെയും വലിയ തോതിൽ പൊതുവിദ്യാലയങ്ങളിലേയ്ക്ക് ആകർഷിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ